**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3653** **09-10-2025 - ൽ മറുപടിയ്ക്ക്**

**നെന്മാറ നിയോജകമണ്ഡലത്തിൽ കൂൺഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ നിയോജകമണ്ഡലത്തിൽ കൂൺഗ്രാമം പദ്ധതി തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തു നടപടിയാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | നെന്മാറ നിയോജകമണ്ഡത്തിലെ നെന്മാറ, കൊല്ലങ്കോട് എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലാണ് കൂൺഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് രണ്ട് ബ്ലോക്കുകളിലും പ്രാഥമിക യോഗം ചേരുകയും പത്രമാദ്ധ്യമങ്ങളിലൂടെ അറിയിപ്പ് നൽകി കർഷകരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നെന്മാറ ബ്ലോക്ക് പരിധിയിലെ നെന്മാറ, എലവഞ്ചേരി, പല്ലശ്ശന, അയിലൂർ എന്നീ കൃഷിഭവനുകളിലേയും കൊല്ലങ്കോട് ബ്ലോക്ക് പരിധിയിലെ മുതലമട, കൊട്ടുവായൂർ, കൊല്ലങ്കോട്, വടവന്നൂർ, പുതുനഗരം എന്നീ കൃഷിഭവനുകളിലേയും അർഹരായ കർഷകർക്ക് പരിശീലനവും നൽകിയിട്ടുണ്ട്. കൂടാതെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ചെറുകിട യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി എന്ന് തുടങ്ങാൻ കഴിയുമെന്നും അതിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും വിശദമാക്കുമോ? | (ബി) | നെന്മാറ നിയോജകമണ്ഡത്തിൽ കൂൺഗ്രാമം പദ്ധതി പ്രവർത്തനങ്ങൾ 2025 ആഗസ്റ്റ് മാസത്തിൽ തന്നെ ആരംഭിച്ചിട്ടുണ്ട്.<br><br>കൂൺ ഗ്രാമങ്ങൾ സ്ഥാപിക്കുക എന്ന ആശയം പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കൂൺ ഉൽപാദന യൂണിറ്റ്, സ്പോൺ ഉൽപാദന യൂണിറ്റ്, സംസ്കരണ യൂണിറ്റ്, പായ്ക്ക് ഹൗസ്, കമ്പോസ്റ്റ് യൂണിറ്റ് എന്നീ ഘടകങ്ങൾ കൂൺ കൃഷിയുടെ സമഗ്രമായ വികസനത്തെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക ഉപഭോക്താവിന് കൂണുകളുടെയും അവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും ലഭ്യത ഉറപ്പാക്കുകയും ഭക്ഷ്യസുരക്ഷയ്ക്കും പോഷക സുരക്ഷയ്ക്കും പിന്തുണ നൽകിക്കൊണ്ട് സുരക്ഷിതമായ ഭക്ഷ്യോത്പാദനം എന്ന ആശയം പ്രോത്സാഹിപ്പിക്കുകയും കൃഷിക്കൂട്ടങ്ങളുടെ സംരംഭകത്വ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കുകയും അർദ്ധ നഗര - ഗ്രാമപ്രദേശങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് അതുവഴി പ്രാദേശിക സാമ്പത്തിക വികസനം സാദ്ധ്യമാക്കുകയും പ്രത്യേകിച്ച് ഗ്രാമീണ കർഷക സ്ത്രീകൾക്കിടയിൽ ഒരു സംരംഭകത്വമായും സാമ്പത്തിക ശാക്തീകരണത്തിന് അനുയോജ്യമായ ഒരു സമീപനമായും കൂൺ കൃഷിയെ വ്യാപിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ തൊഴിലില്ലാത്ത യുവാക്കളെയും വീട്ടമ്മമാരെയും തൊഴിൽ സംരംഭമായി ഈ മേഖലയിലേക്ക് ആകർഷിക്കുകയും ആയതിൻറെ സംഭരണത്തിനും സംസ്ക്കരണത്തിനും വിതരണത്തിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു സമഗ്ര പദ്ധതിയാണ് നെന്മാറ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന കൂൺ ഗ്രാമം പദ്ധതിയിൽ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ